## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5338** **05-07-2024 - ൽ മറുപടിയ്ക്ക്**

## നാലുവർഷ ബിരുദ കോഴ്സ് അംഗീകാരത്തിന് ഫീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സ്വയംഭരണ കോളേജുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നാലുവർഷ ബിരുദ കോഴ്സുകളുടെ സിലബസ് തയ്യാറാക്കുന്നതിനുള്ള അധികാരം ആർക്കാണ് നൽകിയിരിക്കുന്നത്; വ്യക്തമാക്കുമോ; | (എ) | കേരള സർവ്വകലാശാല<br><br>കേരള സർവ്വകലാശാല ആക്ട്, 1974 (amendment) (Act 18 of 2014)-ന്റെ 'Clause 69 H (i)' പ്രകാരം സ്വയംഭരണ കോളേജുകൾ നടപ്പാക്കാനുദ്ദേശിക്കുന്ന കോഴ്സുകളുടെ സിലബസ് തയാറാക്കുന്നത് അതാത് കോളേജിന്റെ ബോർഡ് ഓഫ് സ്റ്റഡീസും അതിന് അംഗീകാരം നൽകേണ്ടത് കോളേജിന്റെ അക്കാദമിക് കൗൺസിലും ആണ്. എന്നാൽ തയ്യാറാക്കപ്പെട്ട സിലബസ് സർവ്വകലാശാല നിർദേശിച്ച മാർഗരേഖകൾ പ്രകാരമാകണമെന്നുമുണ്ട്. പുതുതായി തുടങ്ങുന്ന കോഴ്സുകളെപ്പറ്റി യഥാസമയം സർവ്വകലാശാലയെ അറിയിക്കേണ്ടതുണ്ടെന്നും യു.ജി.സി-യുടെ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്.<br><br>മഹാത്മാഗാന്ധി സർവ്വകലാശാല<br><br>മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള സ്വയംഭരണ കോളജുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസ് സ്വയംഭരണ കോളജുകൾക്ക് തന്നെ തയ്യാറാക്കാവുന്നതോ അല്ലെങ്കിൽ സർവ്വകലാശാല പിന്തുടരുന്ന സിലബസ് സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്.<br><br>കാലിക്കറ്റ് സർവ്വകലാശാല<br><br>കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള സ്വയം ഭരണ കോളേജുകളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന നാലു വർഷ ബിരുദ കോഴ്സുകളുടെ സിലബസ് തയ്യാറാക്കുന്നതിനുള്ള അധികാരം സ്വയംഭരണ കോളേജുകൾക്ക് നൽകികൊണ്ട് ഉത്തരവുകൾ ഒന്നും തന്നെ പ്രസ്തുത സർവ്വകലാശാല പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ബി) | കോളേജുകൾ രൂപകല്പന ചെയ്യുന്ന സിലബസിന് സർവകലാശാലകളുടെ അംഗീകാരം ലഭ്യമാക്കുന്നതിനോ സർവകലാശാലകൾ തയ്യാറാക്കുന്ന സിലബസ് സ്വീകരിക്കുന്നതിനോ നിശ്ചിത ഫീസ് അടയ്ക്കണമെന്ന നിർദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സർവകലാശാലകളാണ് ഇപ്രകാരം ഫീസ് ഈടാക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | സ്വയംഭരണ കോളജുകൾ സർവ്വകലാശാല പിന്തുടരുന്ന സിലബസ് സ്വീകരിക്കുന്നതിന് ഫീസ് ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ സ്വയംഭരണ കോളജുകൾ തയ്യാറാക്കുന്ന സിലബസിൽ ഉൾപ്പെട്ടിട്ടുള്ള മേജർ കോഴ്സുകൾ അംഗീകരിക്കുന്നതിന് മഹാത്മാഗാന്ധി സർവ്വകലാശാല ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രത്യേക ഫീസ് ഈടാക്കാനുള്ള നിർദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | സ്വയംഭരണ കോളേജുകൾ തയ്യാറാക്കുന്ന സിലബസ് അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട് പഠന ബോർഡുകൾ വിളിച്ച് ചേർക്കേണ്ടതുള്ളതിനാൽ സിലബസിൽ ഉൾപ്പെട്ടിട്ടുള്ള മേജർ കോഴ്സുകൾ അംഗീകരിക്കുന്നതിന് ഫീസ് ഈടാക്കുന്നതിനുള്ള നിർദ്ദേശം പിൻവലിക്കുന്നത് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ